18. കൊച്ചി
19. ചേർത്തല
20. പത്തനംതിട്ട
21. കോഴിക്കോട്
22. കാസർകോട്
23. പെരുമ്പാവൂർ
24. തിരുവനന്തപുരം

(സി) 71.83 കോടി രൂപ ചെലവ് വരുന്ന പദ്ധതികളാണ് ലോക ബാങ്കിന് സമർപ്പിച്ചിട്ടുള്ളത്.

പുതിയ ഐ. ടി. ഐ. കൾ

* 151 [196] ശ്രീ. സി. വാസുദേവമേനോൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ. ടി. ഐ. കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ഐ. ടി. ഐ. കൾ അനുവദിച്ചിട്ടുണ്ട്;

(സി) കേന്ദ്ര മേഖലയിലെ ഐ. ടി. ഐ. ഭരണം സംസ്ഥാന ഗവൺമെന്റിനെ ഏൽപ്പിക്കുന്നതിന് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് ആകെ 21 ഐ. ടി. ഐ. കൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഞ്ചു പുതിയ ഐ. ടി. ഐ. കൾ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര മേഖലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട്ടെ മോഡൽ ഐ. ടി. ഐ. ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റെടുക്കുന്ന കാര്യം സംസ്ഥാനഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

വഴിവിളക്കുകൾ കത്തിക്കാത്ത പഞ്ചായത്തുകൾ

* 152 [197] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പരാധീനതമൂലം ഇപ്പോഴും വഴിവിളക്കുകൾ കത്തിക്കാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly